പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1711 — 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ നഗരപ്രദേശങ്ങൾക്കായി പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച് വിശദമാക്കാമോ; | (എ) | കേരളത്തിൽ നഗരപ്രദേശങ്ങളിൽ നടപ്പാക്കി വരുന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്കായി 2014-15-ാം സാമ്പത്തിക വർഷം 7,28,42,612/- രൂപ വിവിധ നഗരസഭകൾക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ 30 കോടി വകയിരുത്തുകയും അതിൽ നിന്നും നടപ്പുസാമ്പത്തിക വർഷത്തിൽ 3,86,63,480/-രൂപ ഇതു വരെ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | എത്ര കുടുംബങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് നടപ്പ് വർഷത്തിൽ തൊഴിൽ ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ; | (ബി) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ 90,432 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 21,107 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി നടത്തിപ്പിൽ വീഴ്ച ഒന്നും സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ